പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4201.** **17/05/2017-ന് മറുപടിക്ക്**

## ഭരണഭാഷ പൂർണമായും മലയാളമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മലയാള ഭാഷയാക്കിയെങ്കിലും സെക്രട്ടേറിയറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള മീറ്റിംഗിന്റെ മിനിറ്റ്സ്, മെമ്മോകൾ, സ്റ്റോർ പർച്ചേസ് വകുപ്പ്, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ അന്വേഷണ/ പരിശോധനാ റിപ്പോർട്ടുകൾ, മലയാളത്തിൽ തുടങ്ങിയ ഫയലിലെ തുടർകുറിപ്പുകൾ തുടങ്ങി മിക്കവാറും എല്ലാ നടപടികളും മലയാളത്തിൽ എഴുതുന്നതിന് പകരം ആംഗലേയ ഭാഷയിലാണ് എഴുതുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) എങ്കിൽ ഇക്കാര്യങ്ങൾ മലയാളഭാഷയിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഒരു നിശ്ചിത തീയതി മുതൽ എല്ലാ സർക്കാർ എഴുത്തുകുത്തുകളും നിർബന്ധമായും മലയാളത്തിലാക്കുന്നതിനും അതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന മേൽനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്നുകൂടി വ്യക്തമാക്കുമോ? | (എ) & (ബി) | ഉണ്ട്. സെക്രട്ടേറിയറ്റിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗത്തിന്റെ നടപടിക്കുറിപ്പ് തുടങ്ങിയവ ഇംഗ്ലീഷിലാണ് പുറപ്പെടുവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളുൾപ്പെടെയുള്ള രേഖകൾ മലയാളത്തിൽ തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പും സ്റ്റോർ പർച്ചേസ് വകുപ്പും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഭാഷാമാറ്റ പുരോഗതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗത്തിൽ ഭാഷാമാറ്റപുരോഗതി ഒരിനമായി ഉൾപ്പെടുത്തി അവലോകനം ചെയ്യണമെന്ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി തീരുമാനിക്കുകയുണ്ടായി. 2017 മെയ്-1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും, സർക്കുലറുകളും, മറ്റു കത്തിടപാടുകളും, ഫയൽനടപടികളും റിപ്പോർട്ടുകളും ചുവടെ കൊടുത്തിരിക്കുന്ന സാഹചര്യങ്ങളിലൊഴികെ മലയാളത്തിൽ മാത്രമേ ആകാവൂ എന്നു വ്യക്തമാക്കിക്കൊണ്ട് 'ഭരണഭാഷാപ്രഖ്യാപനം' നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട്,<br>(1) കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | (2) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ,<br>(3) ഹൈക്കോടതി-സുപ്രീംകോടതി<br>(4) ഇതരസംസ്ഥാനങ്ങൾ<br>(5) മറ്റ് രാജ്യങ്ങൾ സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ<br>(7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളമായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്.<br>വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാരിന്റെ ഭരണഭാഷാമാറ്റനടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായിക്കണ്ട് നടപടി സ്വീകരിക്കുന്നതാണെന്നും വിശദമാക്കിക്കൊണ്ട് 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ